CHRISTIAN NEWS DECEMBER 2019

# ദി എൻഡ് ടൈം ന്യൂസ്

ദി വേക്ക് അപ്പ് -കോൾ

Volume 02 Issue No:23 Pages:13 Reg: TVM/1717/2014, Established:USA, Published from:India



END TIME RADIO

## END TIME CHRISTIAN RADIO 24/7.




Have you been looking for a Christian Radio station? Yes, you found the perfect one, The EndTime Radio!! Please login to www.theendtimeradio.com for Christian devotional songs, Bible messages, Daily Devotions, Traffic Updates and lot more! Download EndTime Radio app from Google play store and iOS app market for a spiritually enriching experience.

**Grand Opening..**

- Date: **01 January 2020**
- Time: **01.00 am**
- Venue: **IPC. Hebron, Oklahoma, USA**

### DEDICATION

English Radio Station



Rev. Pr. Shibu Thomas

Malayalam Radio Station



Rev. Dr. John Varghese

*Stream inside outside or anywhere you go!*

Computer | Smart phone | Tablet | Wireless speaker | Smart TV | Car-media player

*and more..*

Waze - In - built App for Traffic Alerts & Live Navigation

GET IT ON Google Play

Download on the App Store

ദി എൻഡ് ടൈം ന്യൂസ്
ദി വേക്ക് അപ്പ് -കോൾ

editorial



EDITORIAL BOARD

**CHIEF EDITOR**
Baiju Yacob Edavila

**SUB EDITOR**
Manuel Joseph
Daniel Jacob

**EDITORS**
Pastor A Anilkumar
Rev. Joseph chacko
Sis.Sherly

**MANAGER**
Bovas Sreekaryam

**CO-ORDINATORS**
John Francis (Dallas)
Syam
Sis.Saritha
Sis.Simi
Sis.Lesley Yacob

**REPORTERS**
Miniesh Kumar(Baharin)
Pastor Stephen (Andrapradesh)

**ADVISORY BOARD**
Pastor Shibu Thomas USA
Pastor Asokan Eranakulam
M.Jacob Thiruvananthapuram

INDIA
VRA-402,Vikasnagar
Sreekariyam p.o.
Thiruvanthapuram.695017
Kerala
9526650511

# ക്രാന്തദർശിയായ വില്യംകേറി

ഇംഗ്ലണ്ടിലെ നോർത്താപ്റ്റൺ കൗണ്ടി പോളേർഡ്പുറി എന്ന ഗ്രാമത്തിൽ 1761 ആഗസ്റ്റ് 17 ന് വില്യം കേറി ജനിച്ചു. പിതാവ് എഡ്മെൻഡ് മാതാവ് എലിസബത്ത് കേരി എന്നിവരുടെ ആദ്യമകനായി വില്യം കേരി ജനിച്ചു. പിതാവ് ആംഗ്ലിക്കൻ സഭയിലെ പാരീഷ്ക്ലർക്കും ഗ്രാമീണ പാഠശാലയിലെ അദ്ധ്യാപകനും ആയിരുന്നു. ബാലനായ വില്യം മിടുക്കനും വളരെ കഠിനാദ്ധ്വാനിയും ആയിരുന്നു. ശാസ്ത്രവും ചരിത്രവും സംബന്ധിച്ച പുസ്തകങ്ങൾ അവൻ വളരെ ഇഷ്ടപ്പെട്ട് പോന്നു. യാത്രാ വിവരണ പുസ്തകങ്ങൾ വില്യമിന് എപ്പോഴും ഹരമായിരുന്നു. സ്കൂൾ പഠനത്തിന് ശേഷം അവന്റെ മാതാപിതാക്കൾ അവനെ ഷൂസ് നിർമ്മിക്കുന്നത് പഠിക്കുവാൻ നിർബന്ധിച്ചു. കഠിനാദ്ധ്വാനിയായ വില്യം അങ്ങനെ ചെരുപ്പുകുത്തിയായി മാറി. ഒരിക്കൽ ഗ്രീക്ക് ഭാഷയിലുള്ള പുതിയനിയമ പുസ്തകം ലഭിച്ചതിനെ തുടർന്ന് അത് വായിപ്പാനായി ഡിക്ഷണറിയും വ്യാകരണ ബുക്കും വാങ്ങി ഗ്രീക്ക് സ്വയത്തമാക്കി. ഒരു ദിവസം സുഹൃത്തായ ജോണിനൊപ്പം സമീപത്തെ ബാപ്റ്റ്സ്റ്റ് പള്ളിയിൽ യോഗത്തിന് പോയി അതു വരെ ദർശിക്കാത്ത ആത്മവ്യാപാരം സംഭവിക്കുകയും പാപബോധമുള്ളവനായി ആംഗ്ലിക്കൻ സഭ വിട്ട് 1771 ൽ ഫെബ്രുവരിയിൽ ബാപ്റ്റിസ്റ്റ് സമൂഹത്തിൽ ചേർന്നു. ഇക്കാലത്ത് മിഷണറി പ്രവർത്തനത്തോട് വില്യമിന് തീവ്രമായ താത്പര്യം വർദ്ധിച്ചു. കൽക്കട്ടയിൽ നിന്നും ഇംഗ്ലണ്ടിൽ വന്ന ജോൺ തോമസ് എന്ന മിഷണറിയോടൊപ്പം വില്യം കേറി ഇന്ത്യയിലേക്ക് യാത്ര തിരിച്ചു. 1793 നവംബർ 13-ാം തീയതി കേരിയും കുടുംബവും കൽക്കട്ട തുറമുഖത്ത് ഇറങ്ങി.

വില്യംകേരിയുടെ ഇന്ത്യയിലേക്കുള്ള വരവ് ലോകമിഷണറി ചരിത്രത്തിലെ സുപ്രധാന നാഴികക്കല്ലായി വിശേഷിക്കപ്പെടുന്നു. അയ്യായിരം വർഷത്തെ സാംസ്കാരിക പൈതൃകം അവകാശപ്പെടുന്ന ഇന്ത്യ അദ്ധ്യത്മീകതയുടെ സത്യവെളിച്ചം തെളിയിച്ചത് വില്യം കേരിയത്രെ. ക്രാന്തദർശിയായ മിഷണറി, വേദപുസ്തകവിവർത്തകൻ(മുഴുവേദപുസ്തകം 6 ഇന്ത്യൻ ഭാഷകളിലേക്കും, വേദപുസ്തക ഭാഗങ്ങൾ 29 ഇന്ത്യൻ ഭാഷകളിലേക്കും തർജ്ജിമ ചെയ്തു) ശാസ്ത്രകാരൻ, സാമൂഹിക പരിഷ്കർത്താവ് എന്നീ നിലകളിൽ ലോകസുവിശേഷീകരണത്തിനായി ദൈവം തന്റെ ഭൃത്യനെ വേർതിരിച്ച് ദൈവം സമൃദ്ധിയായി അനുഗ്രഹിച്ചു.



*ബൈജു യാക്കോബ്*
*ഇടവിള*

**Disclaimer**

The views expressed in this online newspaper are those of the authors and do not necessarily reflect the position of HSM End Time News. The online newspaper will not bear any responsibility whatsoever for them. The images used in the newspaper have been downloaded from the Internet and we acknowledge that the copyright of those images remain with the original owners. HSM End Time News does not claim any copyright for them and does not intend to use them for commercial purposes.




**പാസ്റ്റർ ബോബൻ ക്ലീറ്റസ്**

# 2019 ഇങ്ങനെയെങ്കിൽ 2020 എങ്ങനെ?

വർഷങ്ങൾക്ക് മുൻപ് നാം കടന്നു പോയ വഴിധാരയിലൂടെ ഒരിക്കൽ കൂടി ഒന്ന് സഞ്ചരിച്ചാൽ നമ്മെ അത്ഭുതപ്പെടുത്തുന്ന മാറ്റങ്ങളാണ് നമുക്ക് ചുറ്റും സംഭവിച്ചിരിക്കുന്നത്. വമ്പൻ കെട്ടിടങ്ങൾ, വ്യവസായ സമുച്ചയങ്ങൾ,പുത്തൻ വാഹന വ്യൂഹങ്ങൾ എല്ലാം പുരോഗതി വിളിച്ചോതുന്നു. ഫിസിക്കലും സ്പിരിച്ചലുമായ ഘടകങ്ങൾ അടങ്ങിയിരിക്കുന്ന മനുഷ്യൻ തികച്ചും മാറ്റങ്ങൾക്ക് വിധേയനാണ്. ഇഴഞ്ഞ് തുടങ്ങിയവൻ നടന്നും നടന്നവൻ ഓടിയും ഓടിയവൻ പക്വത പ്രാപിച്ചും പിന്നീട് കേശങ്ങളിൽ വെള്ള കണ്ട് തുടങ്ങി ചിലർ കല്ലറകളിൽ ഒതുങ്ങി ഇതൊക്കെ ജീവ ചക്രത്തിന്റെ മാറ്റം.

ആത്മീക മേഖലയ്ക്ക് എന്ത് മാറ്റമാണ് ഉണ്ടായത് ആത്മാക്കളുടെ സംഖ്യാ വർദ്ധനവ് ഉണ്ടാകാതെ സഭാ സംഖ്യാ വർദ്ധിച്ചത് നേട്ടമോ? പിളർന്നതിനെ വളർന്നതെന്ന് പറയാമോ സ്ഥാനമോഹം മേൽ ഘടകങ്ങളിൽ നിന്ന് ലോക്കൽ സഭാ തലത്തിലേക്ക് പടർന്ന് പിടിച്ചത് നേട്ടമാണോ. നഷ്ടപ്പെട്ടുപോയ ആത്മാവിലുള്ള ആരാധന വീണ്ടെടുക്കുവാൻ കീബോർഡ് തുടങ്ങിയ ഇലക്ട്രോണിക്സ് ഉപകരണങ്ങൾ വാങ്ങിയത് പുരോഗതിയോ? ആത്മ ഭാരമില്ലാത്ത ഭാരവാഭികളെകൊണ്ട് സഭ നിറഞ്ഞത് നന്മയാണോ? അപ്പസ്തലൻ, പ്രവാചകൻ, ഉപദേഷ്ടാവ്,ഇടയൻ, സുവിശേഷകൻ എന്നീ സഭയുടെ ശുശ്രൂഷകാ വൃന്ദങ്ങൾ ഇല്ലാതെയായി കമ്മറ്റിക്കാർ സഭാധികാരം ഏറ്റെടുത്തതാണോ അഭിമാനകരമായ മാറ്റം പോലീസ് പൂട്ടിയ ആരാധനാലയവും പോലീസ് കാവലിൽ നടക്കുന്ന കൺവൻഷനും സഭയുടെ ആധുനികകാല മാറ്റത്തിന്റെ നല്ല ചിത്രമാണോ? സഭയുടെ വരും കാല മാറ്റങ്ങളെക്കുറിച്ച് വാഗ്ദാനം നല്കി അധികാരത്തിൽ കേറിയവർ കസേര ഉറപ്പിക്കാൻ തന്ത്രം മെനയുന്ന നേതൃത്വം നമ്മുടെ നേട്ടമാണോ? പരസ്യയോഗങ്ങൾ ഇല്ലാതെയായി രഹസ്യ യോഗങ്ങൾ മുറയ്ക്ക് നടക്കുന്നു കൺവൻഷനുകൾ ഇല്ലാതെയായി മഹോത്സവങ്ങളായി ഇതെല്ലാം പുരോഗമനമെന്ന് പറയാൻ കഴിയുമോ?

അബ്രഹാം മധ്യസ്ഥ വഹിച്ചപ്പോൾ അൻപത് പേരുണ്ടെങ്കിൽ നശിപ്പിക്കുമോ എന്ന് ദൈവത്തോട് ചോദിച്ചു.ഇല്ല അൻപത് പേർ പോലും ഇല്ല പിന്നെയും പിന്നെയും മാറ്റി മാറ്റി പറഞ്ഞ് പത്ത് വരെ വന്നു. പത്തും ഇല്ലായെന്ന് തിരിച്ചറിഞ്ഞപ്പോൾ അബ്രഹാം ഞെട്ടിപ്പോയി. തീയും പുകയുമാണ് പിന്നെ കണ്ടത് ഇന്നും ഒരുപാട് തീയും പുകയും കാണേണ്ട കാലം കഴിഞ്ഞു. രാജ്യങ്ങളിൽ നിന്ന് രാജ്യങ്ങളിലേക്ക് പര്യടനം നടത്തി ദൈവം വിശാലത തന്നു എന്ന് പറഞ്ഞ് വലിയ വേലക്കാർ സ്തോത്രം ചെയ്യുമ്പോൾ പാവം ശുശ്രൂഷകൻമാർ ഇതെല്ലാം കണ്ട് ദീർഘശ്വാസം വിടുന്നു.

തുടർച്ച 05 പേജിൽ




# യാഗസമാനമായ സമർപ്പണം



സാം സഖറിയ
കൊട്ടാരക്കര

## സമാധാനയാഗം

### അവൻ നമ്മുടെ സമാധാനം

സൗരഭ്യ വാസനായാഗങ്ങളിൽ മൂന്നാമത്തേതാണ് സമാധാനയാഗം. ഹോമയാഗം ക്രിസ്തുപിതാവാം ദൈവത്തിനു പ്രസാദകരമായ യാഗമായി അർപ്പിക്കപ്പെട്ടതിനെയും, ഭോജനയാഗം തന്റെ കളങ്കമില്ലാത്ത സംപൂർണ്ണമനുഷ്യത്വത്തെയും വ്യക്തമാക്കുന്നതായി നാം കണ്ടുകഴിഞ്ഞു. നിത്യാത്മാവിനാൽ നിഷ്കളങ്കയാഗമായി അർപ്പിക്കപ്പെട്ടതിനാൽ യേശുക്രിസ്തുമൂലം മാനവജാതിയ്ക്കുണ്ടായ അനുഗ്രഹങ്ങളാണ് സമാധാനയാഗത്തിലൂടെ വ്യക്തമാക്കുന്നത്. പേരു സൂചിപ്പിക്കുന്നതുപോലെ തന്നെ പാപിയായ മനുഷ്യനും പരിശുദ്ധനായ ദൈവവും തമ്മിലുള്ള അകൽച്ച അവസാനിപ്പിച്ച് ദൈവത്തോടു നിരപ്പു വന്നതിനാൽ ലഭ്യമായ സമാധാനമാണ് ഈ യാഗം നമുക്കു നൽകുന്ന പ്രധാന സന്ദേശം. സകല മനുഷ്യരും ഈ യാഗത്തിന്റെ അനുഭവത്തിലൂടെ കടന്നുപോകണം എന്ന് ദൈവം ആഗ്രഹിക്കുന്നു. നമ്മുടെ കർത്താവ് ഇപ്രകാരം പറഞ്ഞു. ഞാൻ എന്റെ സമാധാനം നിങ്ങൾക്കു തന്നേച്ചു പോകുന്നു; ലോകം തരുന്നതുപോലെയല്ല ഞാൻ നിങ്ങൾക്കു തരുന്നത്(യോഹ14:27)

ശത്രുതയാണ് എപ്പോഴും സമാധാനഭഞ്ജനം ഉണ്ടാക്കുന്നത്. ദൈവം മനുഷ്യനോടു മനപൂർവ്വം ശത്രുത പുലർത്തുവാൻ ഇഷ്ടപ്പെടുന്നില്ല.മനുഷ്യരോടു സഹവസിക്കുവാനാണ് ദൈവം എപ്പോഴും ആഗ്രഹിക്കുന്നത്. എന്നാൽ മനുഷ്യൻ പാപം നിമിത്തം ദൈവത്തിൽ നിന്നകന്നു പോകുന്നു എന്നതാണഅ ശത്രുത തുടരുവാൻ കാരണം. നിങ്ങളുടെ അകൃത്യങ്ങളത്രെ നിങ്ങളെയും ദൈവത്തെയും തമ്മിൽ ഭിന്നിപ്പിച്ചിരിക്കുന്നത്.(യെശ59:2) എന്നാൽ ശത്രുക്കളായിരുന്ന നമ്മെ ദൈവത്തിന്റെ മിത്രങ്ങളാക്കിത്തീർക്കുവാൻ ക്രിസ്തു തക്കസമയത്ത് നമുക്കുവേണ്ടി യാഗമായിത്തീർന്നു. നീതിയും സമാധാനവും തമ്മിൽ ചുബിച്ചിരിക്കുന്നു എന്ന വചനം ക്രൂശിൽ നിവർത്തിക്കപ്പെട്ടിരിക്കുന്നു. നീതി എപ്പോഴും കുറ്റവാളിയെ ശിക്ഷിക്കണം എന്ന് ആവശ്യപ്പെടുമ്പോൾ സമാധാനം ശിക്ഷയിൽ നിന്നുമുള്ള വിടുതലിലൂടെ ലഭ്യമാകുന്നു. ക്രിസ്തു ക്രൂശിൽ മരിക്കുമ്പോൾ ഇതു തന്നെയാണ് സംഭവിച്ചത്. പാപിക്കു ലഭിക്കേണ്ട ശിക്ഷ ക്രിസ്തുവിന്റെ മേൽ ചുമത്തി ദൈവനീതി നിവർത്തിക്കപ്പെട്ടു. പകരം പാപിക്കു വിടുതൽ അതിലൂടെ സമാധാനം ലോകമനുഷ്യനു ഇതൊരു ഭോഷത്വമായി തോന്നാമെഹ്കിലും ദൈവത്തിന്റെ ജ്ഞാനം മനുഷ്യരുടെ ജ്ഞാനത്തെക്കാൾ ശ്രേഷ്ഠമായിരിക്കയാൽ ദൈവജ്ഞാനമായ ക്രിസ്തുവിനെത്തന്നെയാഗമാക്കി സമാധാനം സ്ഥാപിച്ചു.

സമാധാനത്തെ നമുക്ക് മൂന്നു നിലകളിൽ ചിന്തിക്കാം. ഒന്നാമത് ദൈവത്തോട് സമാധാ

തുടർച്ച 05 പേജിൽ

## 03-ാം പേജ് തുടർച്ച

ന്യൂ ജനറേഷൻ സുവിശേഷകൻമാർ നിർമ്മല സുവിശേഷത്തിന് എതിരായി പ്രവർത്തിച്ച് ഉപദേശ സത്യങ്ങളെ കോട്ടിക്കളയുന്നു. സഭകളിൽ വചനമില്ലാതെ ആയപ്പോൾ സഭ വനം പോലെയായി ഇപ്പോൾ എല്ലാം കൂടിവളരുന്നു. സ്ഥാനം മാറികൊടുത്ത് പണം വാങ്ങിയവരും ദ്രവ്യാഗ്രഹത്തെക്കുറിച്ച് പ്രസംഗിക്കുന്നു. എന്നിട്ട് ലജ്ജയില്ലാത്ത സുവിശേകനെന്ന് സ്വയം വിശേഷിപ്പിക്കുന്നു. ഒരർത്ഥത്തിൽ ഇത് സത്യമാണ് ഈ കൂട്ടർക്ക് യാതൊന്നിനെക്കുറിച്ചും ലജ്ജയില്ല. ഇല്ലാത്ത കുംടുംബ പെരുമ പറഞ്ഞ് ശ്രേഷ്ഠ പദവി നേടാൻ പത്രതാളുകളിൽ എഴുതി പിടിപ്പിക്കുന്നു. ചരിത്രം തിരക്കി ആരും പോകാത്തത് ഈ കൂട്ടർക്ക് നല്ലതാണ്. രണ്ടു പേർ പോലും ഇല്ലാത്തെടെത്ത് സഹശുശ്രൂഷകനെ നിയമിച്ച് ചിലർ വേല ചെയ്യാതെ പാസ്റ്റർ എന്ന പേര് നില നിർത്തുന്നു.

എന്നെ ആരും ഉപദേശിക്കണ്ട എന്ന് അഭിപ്രായപ്പെടുന്ന ചിലവിശ്വാസി മൂപ്പൻമാർ സഭകളിൽ തലപൊക്കിയിട്ടുണ്ട്. സഭകളിലെ മിണ്ടാ പൂച്ചകൾ കാര്യാലോചനകളിൽ കലം ഉടയ്ക്കുന്നു. വീഥിയിലും വീട്ടിലും സംസാരിക്കുന്ന സഭാ കാര്യങ്ങൾ സഭയിൽ തിരുകി കയറ്റി സഭ പിളർക്കാൻ ശ്രമിക്കുന്നു ചില പിളർപ്പൻമാർ.ഇപ്പോൾ തമ്മിൽ തമ്മിൽ ആത്മീക വർദ്ധനവിന് പകരം തമ്മിൽ തല്ലായ്കുന്നായ്മക്കാർ പെരുകിയതോടെ കൂട്ടായ്മകൾ ഇല്ലാതെയായി. അവിശ്വാസികൾ ആത്മീകതയിലേക്ക് വന്ന് തുടങ്ങിയപ്പോൾ ആത്മീകർ ലോകത്തിലേക്ക് പോയ് തുടങ്ങുന്നു.

ഒരു കാലത്ത് പരിശുദ്ധാത്മാവിൽ ശുശ്രൂഷിച്ച ശുശ്രൂഷകൻമാർക്ക് അതിന് നിവൃത്തിയില്ലാതെയായി പണക്കാരും കമ്മറ്റിക്കാരും പറയും എങ്ങനെ വേണമെന്ന്. തിരുമേശയുടെ ശുശ്രൂഷയെപ്പോലും എടുക്കണ്ട എന്നും കൊടുക്കണ്ട എന്നും തീരുമാനിക്കാൻ ഇന്ന് കമ്മറ്റിക്കാരുണ്ട്. ഒരു കാലത്ത് ദശാംശവും മറ്റും ശുശ്രൂഷകന്റെ മേശമേൽ പ്രാർത്ഥനയോടെ അർപ്പിച്ചവർ ഇന്ന് ട്രഷാറുടേയും സെക്രട്ടറിയുടെയും മേശമേൽ കൊടുത്ത് റെസിപ്റ്റ് വാങ്ങുന്നു. പിതാക്കൻമാരുടെ നന്മയുടെ ഓഹരി  അനുഭവിക്കുന്ന ഈ തലമുറ ഇങ്ങനെ തുടർന്നാൽ വരും തലമുറയുടെ ഗതി എന്താകും? സ്ഥലം മാറ്റം ഭയന്ന് പഞ്ചപുച്ഛമടക്കി ഇരിക്കുന്ന ശുശ്രൂഷകൻമാർ ഉപവാസ പ്രാർത്ഥനയിൽ പ്രവാചകൻമാരെ വരുത്തി പ്രസംഗിപ്പിച്ച് ആശ്വാസം കണ്ടെത്തുന്നു. ആരാധന അഭിനയമാക്കി മാറ്റുന്ന പ്രയ്സ് ആന്റെ് വർഷിപ്പും കർമ്മം മാത്രമായി മാറിയ സഭായോഗങ്ങളും ടി.വി യിൽ ലൈവ് ആയി വന്നാൽ വീട്ടിലിരിക്കാം എന്ന് ചിന്തിക്കുന്നവരും ഇല്ലാതെയില്ല. സഭായോഗാനന്തരം കാക്കകൂട്ടിൽ കല്ല് വീണതുപോലെ കൈകൊടുക്കാതെ പോന്ന വിശ്വാസികൾ. പ്രസംഗിക്കയും പ്രവർത്തിയിൽ ലവലേശം ഇല്ലാത്ത ശുശ്രൂഷാ വൃന്ദങ്ങൾ പുറത്തൊട്ടും സാക്ഷ്യം ഇല്ലാതെ അകത്ത് നോൺസ്റ്റോപ്പ് സാക്ഷ്യങ്ങൾ പ്രസ്ഥാവിക്കുന്നവരും ഇതൊക്കെയല്ലേ  വിശേഷങ്ങൾ. ആത്മീക മണ്ഡലത്തിൽ തഴക്കവും പഴക്കവും വന്ന മുതിർന്ന വിശ്വാസികളെ ..................... നിങ്ങൾക്ക് പുതിയ തലമുറയോട് വിവരിക്കാനുള്ളതെന്താണ്.തുള്ളൻ ശേഷിപ്പിച്ചത് വെട്ടുക്കിളി തിന്നു. വെട്ടുക്കിളി ശേഷിപ്പിച്ചത് വിട്ടിൽ തിന്നു ഇനി അൽപ്പം പച്ചപ്പുഴുവിനായി ഉണ്ടെന്നാണോ? .വെട്ടുക്കിളിയും വിട്ടിലും തുള്ളനും പച്ചപ്പുഴുവും തിന്നുകളഞ്ഞ സംവത്സരങ്ങൾക്ക് ദൈവം പകരം നൽകാൻ പ്രാർത്ഥിക്കാം.

## 04-ാം പേജ് തുടർച്ച

നം. രണ്ടാമത് ദൈവസമാധാനം.മൂന്നാമത് മറ്റുള്ളവരോട് സമാധാനം. വിശ്വാസത്താൽ നീതീകരിക്കപ്പെട്ടിട്ട് നമുക്ക് ദൈവത്തോടു സമാധാനം ഉണ്ട്. എന്നുവായിക്കുന്നു.(റോമർ 5:1) നീതീകരണം എന്നത് കുറ്റവാളിയെ ശിക്ഷിക്കാതെ വെറുതെ വിടുന്ന പ്രക്രിയയാണ്. അതുമൂലം പാപിയുടെ ഹൃദയത്തിൽ ഉണ്ടാകുന്ന അവാച്യമായ ആനന്ദമാണ് ശാശ്വതമായ സമാധാനത്തിലേക്ക് നമ്മെ നയിക്കുന്നത്. അപ്പോൾ ദൈവീകമായ സമാധാനം മനുഷ്യഹൃദയങ്ങളിൽ കളിയാടുന്നു. അനുദിന ജീവിത്തിൽ ആ സമാധാനം അനുഭവിച്ചുകൊണ്ട് ഒരു ദൈവപൈതലിനു ജീവിക്കാൻ കഴിയുന്നു. ജീവിതഭാരങ്ങളാലോ, ക്ലേശങ്ങളാലോ വലയുന്നവർക്കും ആ സമാധാനം കർത്താവു വാഗ്ദത്തംചെയ്തിരിക്കുന്നു. ഒന്നിനെക്കുറിച്ചും വിചാരപ്പെടരുത് നിങ്ങളുടെ ആവശ്യങ്ങൾ സ്തോത്രത്തോടെ ദൈവത്തോട് അറിയിക്കയത്രെ വേണ്ടത്. എന്നാൽ സകല ബുദ്ധിയെയും കവിയുന്ന ദൈവസമാധാനം നിങ്ങളുടെ ഹൃദയങ്ങളെയും നിനവുകളെയും ക്രിസ്തുയേശുവിങ്കൽ കാക്കും(ഫിലി4:4) ഈ നിലയിൽ ദൈവസമാധാനം ഹൃദയങ്ങളിൽ അനുഭവമാക്കിയവർക്കു മറ്റുള്ളവരോടും സമാധാനം ആചരിപ്പാൻ കഴിയും. നമ്മിൽ സമാധാനം ഉണ്ടെങ്കിൽ മാത്രമെ മറ്റുള്ളവർക്കു സമാധാനം നൽകാൻ കഴിയും സമാധാനം ഉണ്ടാക്കുന്നവർ ഭാഗ്യവാന്മാർ ; അവർ ദൈവത്തിന്റെ പുത്രന്മാർ എന്നു വിളിക്കപ്പെടും എന്ന് കർത്താവു പഠിപ്പിച്ചു. രണ്ടു വ്യക്തികൾ തമ്മിലോ കുടുംബങ്ങൾ തമ്മിലോ രാഷ്ട്രങ്ങൾ തമ്മിലോ സമാധാനഭഞ്ജനം ഉണ്ടായാൽ അവരെ തമ്മിൽ യോജിപ്പിക്കുകയും സമാധാനം ഉണ്ടാക്കുകയും ചെയ്യുന്നവരാണ്. ദൈവക്കൾ. എരിതീയിൽ എണ്ണ ഒഴിക്കാതെ അൽപ്പം വെള്ളമൊഴിച്ചാൽ സാവകാശം ആ തീ കെട്ടുപോകും. അതിന്റെ ഫലം കണ്ടു നമുക്കു സന്തോഷിക്കുവാനും ദൈവത്തിനുമഹത്വം കരേറ്റുവാനുമിടയാകും.

നാം ദൈവത്തിന്റെ ശത്രുക്കളായിരുന്നപ്പോൾ തന്നെ പുത്രന്റെ മരണത്താൽ നിരപ്പുവന്നു. അവൻ ക്രൂശിൽ ചൊരിഞ്ഞ രക്തത്താൽ അവൻ മുഖാന്തരം സമാധാമമുണ്ടാക്കി.(കൊലോ1:20)

സമാധാന യാഗത്തിൽ ഒരു മദ്ധ്യസ്ഥന്റെ ആവശ്യകത വ്യക്തമാക്കുന്നു. ശത്രുക്കളെ തമ്മിൽ നിരപ്പിക്കണമെങ്കിൽ അത് അത്യന്ത്യാപേക്ഷിതമാണ്. ദൈവം ഒരുവനല്ലോ; ദൈവത്തിനും മനുഷ്യർക്കും മദ്ധ്യേ മദ്ധ്യസ്ഥൻ ഒരുവൻ എല്ലാവർക്കും വേണ്ടി തന്നെത്താൻ മറുവിലയായി അർപ്പിച്ച മനുഷ്യനായ ക്രിസ്തുയേശു തന്നെ(1തിമോ2:5) നമ്മുടെ കർത്താവു ഏകവഴിയും, ഏകവാതിലും, ഏകരക്ഷകനും, ഏകമധ്യസ്ഥനും തന്നെ. അനേക മധ്യസ്ഥന്മാരെയും, മധ്യസ്ഥകളെയും ദൈവം വച്ചിട്ടില്ല. എന്നതിനാൽ ഇന്നു കാണുന്ന മനുഷ്യ മധ്യസ്ഥരെ നാം ആശ്രയിക്കാതിരിക്കുക. യേശുവിന്റെ അമ്മയായ മറിയയെ മധ്യസ്ഥയാക്കി പ്രാർത്ഥിക്കുകയോ ആരാധിക്കുകയോ ചെയ്യുമ്പോൾ മറിയയുടെ ആത്മാവു പോലും ദു:ഖിക്കുന്നുണ്ടാകും. ഇല്ലാത്ത കഥകൾ കെട്ടിച്ചമച്ച് മറിയയെ സ്വർഗ്ഗരാജ്ഞിയും ദൈവമാതാവുമാക്കി പ്രാർത്ഥിക്കുവാനോ, ആരാധിക്കുവാനോ വചനത്തിൽ ഒരിടത്തും പറഞ്ഞിട്ടില്ല.

മദ്ധ്യസ്ഥന്മാർ നിരപവാദ്യനും ഇരുപക്ഷത്തിനും സമ്മതനും പ്രശ്നങ്ങൾ പരിഹരിക്കാൻ പ്രാപ്തനുമായിരിക്കണം. എല്ലാ നിലയിലുമുള്ള യോഗ്യതകളും തികഞ്ഞ വ്യക്തിയാണ് ക്രിസ്തു. ദൈവകാര്യത്തിൽ താൻ പൂർണ്ണ ദൈവവും മനുഷ്യരോടുള്ള ബന്ധത്തിൽ താൻ പൂർണ്ണ മനുഷ്യനുമാണ്. താൻ തന്നെ പരീക്ഷിതനായി കഷ്ടമനുഭവിച്ചിരിക്കയാൽ പരീക്ഷിക്കയാഗത്തിൽപ്പെടുന്നവരെ സഹായിപ്പാൻ ശക്തനാകേണ്ടതിന് കർത്താവു സകലത്തിലും തന്റെ സഹോദരന്മാരോട് സദൃശനായിത്തീർന്നു എന്നു വായിക്കുന്നു. അങ്ങനെ യേശുക്രിസ്തു എന്ന ഏക മദ്ധ്യസ്ഥനിലൂടെ സമാധാന സംസ്ഥാപനവും നീതി നിർവ്വഹണവും പാപപ്രശ്നത്തിന് എന്നേയ്ക്കുമുള്ള പരിഹാരവും കൈവന്നിരിക്കുന്നു(റോമർ5:1, 3:25,26)

സമാധാനയാഗത്തിൽ അർപ്പിക്കേണ്ട മൃഗങ്ങൾ ഹോമയാഗത്തിലേതുപോലെ തന്നെ കാളയോ, കോലാടോ, ചെമ്മരിയാടോ ആണ്. ഊനമില്ലാത്ത ആണിനെയോ, പെണ്ണിനെയോ അർപ്പിക്കാം. ഹോമയാഗത്തിൽ ആണിനെ മാത്രമെ അർപ്പിക്കാവൂ. അർപ്പകൻ സ്വമേധയാ കൊണ്ടുവരേണ്ടതും അവൻ അതിന്റെ തലയിൽ കൈവച്ച് സ്വന്തകൈയ്യാൽ അറുക്കേണ്ടതുമാണ്. രക്തം യാഗപീഠത്തിന്റെ ചുറ്റിലും പുരോഹിതന്മാർ തളിക്കയും കരളിലും, കുടലിലും നാഭിയിലും ഉള്ള മോദസ്സൊക്കെയും പൂർണ്ണമായി യഹോവയ്ക്ക് അർപ്പിക്കേണ്ടതുമാണ്. അത് യഹോവയ്ക്ക് സൗരഭ്യവാസനയായ ദഹനയാഗമായിരിക്കും.




Available on the iPhone App Store
ANDROID APP ON Google play

theendtimenews.com

# സമൂഹ മാധ്യമങ്ങളിലെ ഉള്ളടക്കം നിയന്ത്രിക്കാൻ നിയമം ജനുവരിയോടെ വരുന്നു.



ന്യൂഡൽഹി : സമൂഹ മാധ്യമങ്ങളിലെ ഉള്ളടക്കങ്ങൾ നിയന്ത്രിക്കുന്നതിനുള്ള പുതിയ നിയമത്തിന് ജനുവരി 15 ഓടെ അന്തിമരൂപമാകുമെന്ന് കേന്ദ്ര സർക്കാർ. സുപ്രീംകോടതിയിൽ ഇതുമായി ബന്ധപ്പെട്ട് കേസ് പരിഗണിക്കവേയാണ് അറ്റോർണി ജനറൽ വിവരം ബോധിപ്പിച്ചത്. തീവ്രവാദികൾക്കും, ക്രിമിനലുകൾക്കും സമൂഹ മാധ്യമങ്ങൾ വഴി സ്വതന്ത്രമായി പ്രവർത്തിക്കാൻ അവസരം ഒരുക്കാൻ സാധ്യമല്ലെന്നു അറ്റോർണി ജനറൽ കെ കെ വേണുഗോപാൽ പറഞ്ഞു. തീവ്രവാദം ഉൾപ്പെടെയുള്ള കുറ്റകൃത്യങ്ങൾ തടയുന്നതിന് ഫേസബുക്ക്, വാട്സ്ആപ്പ് തുടങ്ങിയ സാമൂഹിക മാധ്യമങ്ങൾ അവരുടെ ഫ്ളാറ്റുഫോമുകൾ കേന്ദ്ര സർക്കാരിന് പ്രാപ്യം ആക്കണം.

ആരുടേയും സ്വകാര്യതയിലേയ്ക്ക് കടന്നു കയറാൻ സർക്കാർ ഉദ്ദേശിക്കുന്നില്ല. എന്നാൽ രാജ്യ സുരക്ഷ ഉൾപ്പെടെ ഉള്ള കാര്യങ്ങളിൽ വിട്ടു വീഴ്ച ചെയ്യാൻ കഴിയില്ല. സർക്കാരുമായി സഹകരിക്കില്ലായിരുന്നുവെങ്കിൽ സമൂഹ മാധ്യമങ്ങൾ ഇന്ത്യയിലേയ്ക്ക് വരരുതായിരുന്നുവെന്നും അറ്റോർണി ജനറൽ അഭിപ്രായപ്പെട്ടു. ഫേസ്ബുക്കിനെ ആധാറുമായി ബന്ധിപ്പിക്കണം എന്നും, സമൂഹ മാധ്യമങ്ങളെ നിയന്ത്രിക്കണം എന്നും ആവശ്യപ്പെട്ടും നൽകിയ ഹർജി പരിഗണിക്കവെ ആണ് അറ്റോർണി ജനറൽ കോടതിയിൽ നിലപാട് അറിയിച്ചത്. ഐ ടി ആക്ടിന്റെ 69 ആം വകുപ്പിന്റെ ഭേദഗതിയോടെ സമൂഹ മാധ്യമങ്ങളിൽ നിന്ന് വിവരങ്ങൾ ചോർത്താൻ സർക്കാർ ഏജൻസികൾക്ക് നിയമപരമായ അധികാരം ഉ്. അതിനാൽ തന്നെ ഇന്ത്യയിൽ പ്രവർത്തിക്കുന്ന സമൂഹ മാധ്യമങ്ങൾക്ക് സർക്കാരുമായി വിവരങ്ങൾ പങ്കുവെയ്ക്കില്ലെന്നു പറയാൻ കഴിയില്ലെന്ന് അറ്റോർണി ജനറൽ ചൂിക്കാട്ടി.

# പ്രതിക്ക് ബൈബിൾ നൽകി ആശ്വസിപ്പിച്ച ജഡ്ജിക്കെതിരെ നിരീശ്വരവാദ സംഘടന രംഗത്ത്

ടെക്സസിലെ കോടതിയിൽ കൊലക്കേസ് പ്രതിക്ക് വിധിന്യായത്തിനുശേഷം ജഡ്ജി ബൈബിൾ നൽകി ആശ്വസിപ്പിച്ച സംഭവത്തിൽ രാജ്യത്തെ നിരീശ്വരവാദ സംഘടനയായ ഫ്രീഡം ഫ്രം റിലീജിയൻ ഫൗഷേൻ പരാതിയുമായി രംഗത്ത് വന്നു.ജഡ്ജിയുടെ നിലപാട് അധികാര പരിധി ലംഘനമാണെന്നും കാണിച്ച് ഫൗഷേൻ പ്രതിനിധി ടെക്സസ് സ്റ്റേറ്റ് കമ്മീഷൻ ഓൺ ജുഡീഷ്യൻ കോസ്റ്റ് മുമ്പാകെ പരാതി നൽകി.

സ്വന്തം അപ്പാർട്ട്മെന്റിൽ വിശ്രമിക്കയായിരുന്ന വനിതാ പോലീസ് ഓഫീസറുടെ മുറിയിലേയ്ക്ക് മുറി മാറി കടന്നുവന്നയാളെ അക്രമിയെന്ന് തെറ്റിദ്ധരിച്ച് വെടിവെയ്ക്കുകയും അയാൾ കൊല്ലപ്പെടുകയും ചെയ്തു. പോലീസ് ഉദ്യോഗസ്ഥയ്ക്ക് തെറ്റു പറ്റിയതാണെങ്കിലും നരഹത്യയായതിനാൽ 10 വർഷത്തെ തടവുശിക്ഷയ്ക്ക് വിധിക്കപ്പെട്ടു. വിധി കേട്ടു കരഞ്ഞ ഉദ്യോഗസ്ഥയെ വനിതാ ജഡ്ജി കെംപ് ബൈബിൾ വചനങ്ങൾ പറഞ്ഞ് ആശ്വസിപ്പിക്കയും ബൈബിൾ സമ്മാനമായി നൽകുകയും ചെയ്തു. എന്നാൽ ഈ സംഭവം വാർത്താ പ്രാധാന്യം നേടിയതോടെ നിരീശ്വരവാദ സംഘടന രംഗത്ത് വരികയായിരുന്നു.

എന്നാൽ ഇതിനെ പ്രതിരോധിച്ചുകൊ് ടെക്സസ് ആസ്ഥാനമാക്കി മതസ്വാതന്ത്ര്യത്തിന് വേി പ്രവർത്തിക്കുന്ന ഫസ്റ്റ് ലിബർട്ടി ഇൻസ്റ്റിറ്റ്യൂട്ടും രംഗത്ത് എത്തിയിട്ടു്. മന:പൂർവമല്ലാതെ ചെയ്തുപോയ തെറ്റിനു ശിക്ഷിക്കപ്പെട്ട് വേദനിക്കുന്ന ഒരാളെ ആശ്വസിപ്പിക്കയും ദൈവവചനത്താൽ ധൈര്യപ്പെടുത്തുകയും ചെയ്ത ജഡ്ജിയുടെ പ്രവർത്തിക്ക് നന്ദി പറയുന്നതായി ഫസ്റ്റ് ലിബർട്ടി ഇൻസ്റ്റിറ്റ്യൂട്ട് ലീഗൽ കൗൺസിൽ പ്രതിനിധി ഹിരം നാസർ പറഞ്ഞു.

പ്രതിയെ ആശ്വസിപ്പിച്ചതിലല്ല, ബൈബിൾ നൽകിയതിലാണ് തങ്ങൾക്ക് പ്രതിഷേധമെന്നും, ഒരു ജഡ്ജി കുറ്റവാളികളോട് കോടതിയിൽ വെച്ച് മതപരമായ സമീപനങ്ങൾ കാട്ടുന്നത് ശരിയല്ലെന്നും നിരിശ്വരവാദ സംഘടന പ്രതിനിധി റീഗൻ പറഞ്ഞു.

THE ENDTIME NEWS
Available on the iPhone App Store
ANDROID APP ON Google play

## ഏ ജി ദക്ഷിണമേഖല ശുശ്രൂഷക കുടുംബ സംഗമം 2020 ജനു. 18 ന്

അസംബ്ലീസ് ഓഫ് ഗോഡ് ദക്ഷിണ മേഖലയിൽ പ്രവർത്തിക്കുന്ന ശുശ്രൂഷകൻമാർക്കും കുടുംബങ്ങൾക്കും ആത്മീയ അഭിവൃദ്ധി ഉാകുന്നതിനും, കുടുംബാംഗങ്ങൾക്ക് ഒന്നിച്ച് കൂടുന്നതിനും വേി 2020 ജനുവരി 18 ന് ശനിയാഴ്ച രാവിലെ 9.30 മുതൽ വൈകുന്നേരം 5 മണിവരെ തിരുമല ഏ ജി സഭയിൽ നടക്കും. മേഖല ഡയറക്ടർ പാസ്റ്റർ പി കെ ജോസ് നേതൃത്വം നൽകും. ഡിസ്ട്രിക്ട് ട്രഷറർ പാസ്റ്റർ എ രാജൻ ഉദ്ഘാടനം നിർവഹിക്കും. പാസ്റ്റർ എം എ വർഗീസ് മുഖ്യ പ്രഭാഷണം നടത്തും. ഏ ജി ക്വയർ ഗാന ശുശ്രൂഷയ്ക്ക് നേതൃത്വം നൽകും.

## യു പി എഫ് കൺവൻഷനും ബൈബിൾ ക്വിസും

കുന്നംകുളം: യു പി എഫിന്റെ 39 മത് വാർഷിക കൺവൻഷൻ ജനുവരി 24 മുതൽ 26 വരെ സുവാർത്താനഗറിൽ നടക്കും. പാസ്റ്റർമാരായ കെ ജെ തോമസ്, അനീഷ് കാവാലം, വർഗീസ് എബ്രഹാം എന്നിവർ പ്രസംഗിക്കും. ഇതിനോടനുബന്ധിച്ച് ബൈബിൾ ക്വിസിന്റെ വിജയികൾക്കു സമ്മാനം നൽകും. ക്വിസിന്റെ സെന്റർതല പരീക്ഷ നവംബർ 3 ന് കേരളത്തിലെ വിവിധ കേന്ദ്രങ്ങളിലും ഫൈനൽ പരീക്ഷ ഡിസംബർ 28 ന് കുന്നംകുളത്തും നടക്കും. വിശദ വിവരങ്ങൾക്ക് 9633833387.

## മെഗാ ബൈബിൾ ക്വിസ് 2020

കുവൈറ്റ് : ഐ പി സി കുവൈറ്റ് പി വൈ പി എ ഒരുക്കുന്ന മെഗാ ബൈബിൾ ക്വിസ് 2020 ജനുവരി 10 ന് 6.30 മുതൽ കുവൈറ്റ് നാഷണൽ ഇവാഞ്ചലിക്കൽ ചർച്ച് & പാരീഷ് ഹാളിൽ വെച്ച് യെഹെസ്കേൽ, ലൂക്കോസ്, അപ്പോസ്തലപ്രവർത്തികൾ എന്നീ പുസ്തകങ്ങൾ ആസ്പദമാക്കി വിവിധ റൗുകളായി തരംതിരിച്ച് നടത്തപ്പെടുന്നു. ഒന്നാം സമ്മാനം 200 K D യും രാം സമ്മാനം 125 K D യും മൂന്നാം സമ്മാനം 75 K Dയും ആണ് നൽകുന്നത്.

## യുവജന സെമിനാർ നവം.30 ന് ഷാർജയിൽ

യുപിഎഫ്- യു എ ഇ യുടെ നേതൃത്വത്തിൽ യൂത്ത് സെമിനാർ നവംബർ 30 ന് രാവിലെ 9.30 മുതൽ 1 മണി വരെ ഷാർജ വർഷിപ്പ് സെന്ററിൽ നടക്കും.പ്രശസ്ത സുവിശേഷകൻ സാജു ജോൺ മാത്യൂ ക്ലാസ്സുകൾ നയിക്കും. 10 വയസ്സിനു മുകളിലുള്ള കുട്ടികൾക്ക് പങ്കെടുക്കാം.മതമോ ബന്ധമോ എന്നതാണ് ചിന്താവിഷയം. യു പി എഫ് ക്വയർ ഗാനങ്ങൾ ആലപിക്കും. വിശദ വിവരങ്ങൾക്ക്: 0504957964, 0505675310, 0557519438, 0553839133.

## വായ്മൊഴി

1. നിന്റെ രഹസ്യങ്ങൾ നിന്റെ വേലക്കാരനോട് പറയുക
നീ അവനെ നിന്റെ യജമാനനാക്കും
2. നമ്മെ ആരാധിക്കുന്നവരെ നാം ഇഷ്ടപ്പെടുന്നു എപ്പോഴും
എന്നാൽ നാം ആരാധിക്കുന്നവരെ എപ്പോഴും ഇഷ്ടപ്പെടുന്നില്ല.
3. നാം സുഖമായിരിക്കുമ്പോൾ സുഖമില്ലാത്തവർക്കായി നൽകാൻ
നല്ല ഉപദേശങ്ങൾ നമ്മുടെ പക്കൽ ഉണഅട്.



Pr.P.V.S C.BD

4.ദൈവത്തിൽ നിന്ന് വൻകാര്യങ്ങളെ പ്രതീക്ഷിക്കുക
ദൈവത്തിനായി വൻകാര്യങ്ങളെ ഉദ്യമിപ്പിക്കുക.
5. മക്കളുടെ വേഷം കാണുമ്പോൾ അറിയാം
മാതാപിതാക്കളുടെ വിവേകവും മാന്യതയും.
6. സന്തോഷത്തോടെ സുവിശേഷവേലയ്ക്ക് കൊടുക്കുന്ന ധനം
നശിക്കാത്ത സമ്പത്ത് ആയിരിക്കും.
7. എന്നെ എനിക്ക് വിശ്വാസമുണ്ടെങ്കിലും
എന്നെ എല്ലാവർക്കും വിശ്വാസമുണ്ടാവണമെന്നില്ല.
8. ദൈവീക ശുശ്രൂഷകൾക്ക് പണ്ടത്തെക്കാൾ ആവശ്യം
അർപ്പണബോധമുള്ള ശുശ്രൂഷകരെയാണ്.
9. എല്ലാവരെയും പ്രസാദിപ്പിക്കാൻ ഒരുങ്ങുന്നവർക്ക്
ആരെയും പ്രസാദിപ്പിക്കാൻ കഴിയില്ല.
10. നിന്റെ ജീവിതത്തിരക്ക് പ്രാർത്ഥന കുറയ്ക്കുവാനുള്ള ഉപാധിയല്ല.
പ്രാർത്ഥന കൂട്ടുവാനുള്ള മുന്നറിയിപ്പത്രെ.

# വാഷിംഗ്ടണിൽ വ്യഭിചാരം നിയമവിധേയമാക്കാൻ നീക്കം: ശക്തമായ എതിർപ്പുമായി ക്രൈസ്തവസഭ



വേശ്യാവൃത്തിയും വ്യഭിചാരവും നിയമാനുസൃതമാക്കാനുള്ള ബില്ലിനെതിരെ വാഷിംഗ്ടണിൽ കത്തോലിക്ക സഭയുടെ നേതൃത്വത്തിൽ ഇതര ക്രൈസ്തവസഭകൾ രംഗത്ത് വന്നു. വ്യഭിചാരം കുറ്റകരമല്ലാതാക്കാൻ വാഷിംഗ്ടൺ ഡിസി കൗൺസിൽ ഡെമോക്രാറ്റിക് പാർട്ടി അംഗങ്ങൾ ബിൽ അവതരിപ്പിച്ച സാഹചര്യത്തിലാണ് പരസ്യ പ്രതിഷേധവുമായി വാഷിംഗ്ടൺ അതിരൂപത അടക്കം രംഗത്ത് വന്നത്.

ജന്മസിദ്ധമായ ശ്രേഷ്ഠത എല്ലാ മനുഷ്യർക്കുമുന്നെ് തങ്ങൾ വിശ്വസിക്കുന്നതായും ദൈവീക സാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ടവർ എന്ന നിലയിൽ എല്ലാ മനുഷ്യരും ബഹുമാനം അർഹിക്കുന്നതായും അതിനാൽ തന്നെ മനുഷ്യരുടെ ശ്രേഷ്ഠത ചോദ്യം ചെയ്യുന്ന സർവവിധ ചൂഷണങ്ങളേയും പ്രതിരോധിക്കയെന്നത് ക്രിസ്തീയ സഭയുടെ ദൗത്യമാണെന്നും കത്തോലിക്ക സഭയുടെ വാഷിംഗ്ടൺ രൂപത പ്രതിനിധി മേരി ഫോർ ചർച്ചയ്ക്കിടെ പറഞ്ഞു. മനുഷ്യരേൽക്കുന്ന മാനസികവും ശാരീരികവുമായ ആഘാതങ്ങൾ പരിഗണിക്കാതെ അവരെ വെറും വിൽപ്പന വസ്തുവായി കണക്കാക്കുന്ന ഒന്നാണ് വേശ്യാവൃത്തിയെന്ന് മേരി ഫോർ ചൂിക്കാട്ടി. ബിൽ നിയമവിധേയമാക്കുന്നതിനെതിരേ നിരവധി ജനപ്രതിനിധികളും രംഗത്ത് വന്നിട്ടു്. പുതിയ ബില്ല് മനുഷ്യക്കടത്തിന് വഴിയൊരുക്കുമെന്ന ആശങ്കയും അറിയിച്ചിട്ടു്. പ്രസ്തുത ബില്ല് നിയമമായാൽ വ്യഭിചാരം നിയമവിധേയമാക്കിയ അമേരിക്കയിലെ രാമത്തെ സ്ഥലമായി വാഷിംഗ്ടൺ മാറും. നെവാഡ സംസ്ഥാനത്ത് ചില സ്ഥലങ്ങളിൽ വ്യഭിചാരം നേരത്തെ നിയമവിധേയമാക്കിയിട്ടു്.

## മോശ അവരുടെ കാര്യം

# യഹോവയുടെ മുമ്പാകെ വച്ചു





പാസ്റ്റർ ഷിബു തോമസ്, ഒക്കലഹോമ.

**ദൈ**നം ദിനം വലിയ ഒരു സമൂഹത്തിന്റെ ആവലാതികളും, ആവശ്യങ്ങളും 80 ലേറെ വയസ്സ് പ്രായമുള്ള മോശയ്ക്ക് താങ്ങാവുന്നതിലും അപ്പുറത്തായിരുന്നു. ശാരീരിക, മാനസിക, സാമൂഹിക പ്രശ്നങ്ങളുമായി ലക്ഷോപലക്ഷങ്ങളുടെ ഒരു സംഘം കണ്ണെത്താത്ത ദൂരത്ത് നീണ്ട നിരപോലെ മോശയുടെ കൂടാര വാതിൽക്കൽ തടിച്ചുകൂടുന്നു. പ്രഭാതം മുതൽ പ്രദോഷം വരെ ശ്രമിച്ചിട്ടും തീർപ്പു കൽപ്പിക്കാൻ കഴിയാതെ കുന്നുകൂടുന്ന പരിഭവത്തിന്റെയും, പരാതികളുടെയും ഭാണ്ഡങ്ങൾ, മാനുഷിക ബുദ്ധിയിൽ കൽപ്പിച്ച ഉത്തരവുകളും, വിലക്കുകളും നാഴികകൾക്കുള്ളിൽ തകരപ്പെടുന്നു. മറുപടികൾ അപൂർണ്ണമാകയാൽ സംശയത്തിന്റെയും ചോദ്യങ്ങളുടെയും കൂർത്തുമൂർത്ത ശരങ്ങൾ എവിടെയും. മനസ്സും ശരീരവും തളർന്ന മോശ ഉന്നതനായ ദൈവത്തിന്റെ മുമ്പാകെ തന്റെ മുമ്പിൽ നിരന്ന വിഷയങ്ങൾ നിരത്തിവച്ചു. ഞാനാകുന്നവൻ ഞാനാകുന്നു എന്നു പറഞ്ഞ് മുൾപ്പടർപ്പിൽ പ്രത്യക്ഷനായി അത്ഭുതങ്ങളാലും അടയാളങ്ങളാലും വീരപ്രവൃത്തികളാൽ തന്റെ വചനം ഉറപ്പിച്ചു തന്ന സർവ്വശക്തനായവന്റെ പക്കൽ സകലത്തിനും പരിഹാരം ഉണ്ട് എന്ന് മോശ തിരിച്ചറിഞ്ഞു. ആലോചനയിൽ വലിയവനും പ്രവൃത്തിയിൽ ശക്തിമാനുമായ ദൈവസന്നിധിയിൽ ഒരു നന്മയും കുറവില്ല. ഒന്നിനും ഉത്തരം മുട്ടിപ്പോകയില്ല. ദൈവസന്നിധിയിൽ നിന്ന് പ്രശ്നപരിഹാരം ഏറ്റുവാങ്ങിയ മോശ എന്ന ഭക്തൻ നൂറാനൂറായിരം ജനത്തിന്റെ നടുവിൽ തല ഉയർത്തി നടന്നു. ഞാനും നിങ്ങളും വ്യത്യസ്തരല്ല- നൂറുനൂറു നൊമ്പരങ്ങളും, ആർക്കും പരിഹരിക്കാനാവാത്ത അനവധി പ്രശ്നങ്ങളും, മറ്റുള്ളവരുടെ ഭാരങ്ങളും നെഞ്ചിലും തലയിലും പേറി ജീവിതയാത്ര ഇഴഞ്ഞിഴഞ്ഞ് മുന്നോട്ട് കൊണ്ടുപോകുന്നു. വിധിയാണ് എന്ന് പറഞ്ഞ് സ്വയം ശപിച്ചും, പരിഹാരം ലഭിക്കത്തില്ല എന്ന ചിന്തയാൽ നിരാശപ്പെട്ടും തലകുമ്പിട്ടുമിരിക്കുന്നു. എനിക്കൊറ്റയ്ക്ക് താങ്ങുവാൻ പ്രാപ്തിയില്ല എന്നു പറഞ്ഞ അധരം കൊണ്ടു തന്നെ ഉറക്കെ വിളിച്ചുപറയുക - കർത്താവ് എന്നെ സഹായിക്കും ഞാൻ അമ്പരന്ന് പോകയില്ല. ദൈവ പൈതലേ ഭയപ്പെടേണ്ട യഹോവ നിന്നോട് കൂടെയുണ്ട്. ഭ്രമിച്ചുനോക്കേണ്ട അവിടുന്ന് നിന്റെ ദൈവമാകുന്നു. നീ കാര്യങ്ങളുമായി ദൈവസന്നിധിയിൽ ചെല്ലുക, അവനായി കാത്തിരിക്കുക. യഹോവയ്ക്കായി കാത്തിരിക്കുന്ന ഒരുത്തനും ലജ്ജിച്ചുപോകയില്ല. നിന്റെ ഭാരം എന്റെ മോൽ വച്ചുകൊൾക - ഞാൻ നിന്നെ പുലർത്തും. എന്നരുളി ചെയ്തവന്റെ കരസ്പർശം ഓരോ ദിവസവും തിരിച്ചറിയുക.

പ്രാർത്ഥന: സർവ്വശക്തനായ ദൈവമെ, എന്റെ കാര്യങ്ങളെ തിരുസന്നിധിയിൽ തരുന്നു, തൃക്കരം നീട്ടി എന്നെ താങ്ങേണമെ.

## വിദ്യാർത്ഥികൾക്ക് കൈത്താങ്ങായി കുവൈറ്റ് ശാരോൻ ഫെലോഷിപ്പ്

കുവൈറ്റ്: കുവൈറ്റ് ശാരോൻ ഫെലോഷിപ്പ് ചർച്ചിന്റെ യുവജന സംഘടനയായ ക്രിസ്ത്യൻ ഇവാഞ്ചലിക്കൽ മൂവ്മെന്റിന്റെ നേതൃത്വത്തിൽ കേരളാ പെന്തക്കോസ്ത് സഭാ വിഭാഗത്തിലുള്ള അർഹരായ വിദ്യാർത്ഥികൾക്ക് കൈത്താങ്ങായി ഒരു വിദ്യാഭ്യാസ സഹായം നൽകുവാൻ തീരുമാനിച്ചിരിക്കുന്നു. ഡിഗ്രി/പ്രൊഫഷണൽ കോഴ്സ് പഠിക്കുന്ന യോഗ്യരും ആർഹരുമായ വിദ്യാർത്ഥികൾക്ക് ചുവടെ കൊടുത്തിരിക്കുന്ന ലിങ്കിലൂടെ അപേക്ഷ സമർപ്പിക്കാവുന്നതാണ്. അവസാന തീയതി ഡിസംബർ 25 ആണ്.
http://www.sharonkuwait.com/index.php/ministry/charity-support

## ഐ പി സി വടക്കാഞ്ചേരി സെന്റർ കൺവെൻഷൻ ജനുവരി 30 മുതൽ

ഐ പി സി വടക്കാഞ്ചേരി 34 മത് സെന്റർ കൺവൻഷൻ വടക്കാഞ്ചേരി ശെൽവം ആഡിറ്റോറിയത്തിൽ വെച്ച് ജനുവരി 30 മുതൽ ഫെബ്രുവരി 2 വരെ എല്ലാ ദിവസവും വൈകിട്ട് 6 മണി മുതൽ 9 മണി വരെ നടത്തപ്പെടുന്നു. സെന്റർ പാസ്റ്റർ ജോസ് വർഗീസ് ഉദ്ഘാടനം ചെയ്യും. പാസ്റ്റർ സി സി എബഹാം, പാസ്റ്റർ ഷാജി എം പോൾ,പാസ്റ്റർ കെ ജെ തോമസ്, പാസ്റ്റർവി പി ഫിലിപ്പ്, പാസ്റ്റർ അനീഷ് കൊല്ലം,പാസ്റ്റർ ജോർജ്ജ് എൻ എബ്രഹാം,പാസ്റ്റർ ജോയി എബഹാം എന്നിവർ ദൈവവചനം പ്രസംഗിക്കും. സെന്റർ ക്വയർ സംഗീത ശുശ്രൂഷയ്ക്ക് നേതൃത്വം നൽകും. കൺവൻഷനോടനുബന്ധിച്ച് 31,1 തിയതികളിൽ രാവിലെ 10 മണി മുതൽ 1 മണി വരെ ഉപവാസ പ്രാർത്ഥനയും 2 ഞായറാഴ്ച രാവിലെ 8.30 മുതൽ സംയുക്താരാധനയും ഉച്ചകഴിഞ്ഞ് 2.30 മുതൽ 4.30 വരെ പി വൈ പി എ, സൺഡേ സ്കൂൾ, സോദരി സമാജം എന്നിവയുടെ വാർഷിക യോഗവും നടക്കും.

THE ENDTIME NEWS

Available on the iPhone App Store | ANDROID APP ON Google play

# ഗ്ലോബൽ മീഡിയ അസോസിയേഷൻ മാധ്യമപുരസ്കാരം ഡോ. എം. സ്റ്റീഫന്

തിരുവല്ല: ഇന്ത്യാ പെന്തക്കോസ്ത് ദൈവസഭയിലെ മാധ്യമപ്രവർത്തകരുടെയും എഴുത്തുകാരുടെയും അന്തർദേശീയ സംഘടനയായ ഐപിസി ഗ്ലോബൽ മീഡിയ അസോസിയേഷന്റെ 2020 ലെ വർഷത്തെ മാധ്യമ പുരസ്കാരം ഡോ.എം.സ്റ്റീഫന്.

നവംബർ 11 ന് തിരുവല്ലയിൽ രക്ഷാധികാരി പാസ്റ്റർ കെ സി ജോണിന്റെ അദ്ധ്യക്ഷതയിൽ നടന്ന യോഗമാണ് അവാർഡിനു പരിഗണിച്ചത്. മാധ്യമപ്രവർത്തകരായ പാസ്റ്റർ അച്ചൻകുഞ്ഞ് ഇലന്തൂർ,ഫിന്നി പി മാത്യു, ടോണി ഡി ചെവ്വൂക്കാരൻ, സജി മത്തായി കാതേട്ട്, ഷാജി മാറാനാഥാ, എം വി ഫിലിപ്പ് എന്നിവർ പുരസ്കാര ജേതാവിന്റെ മികവുകൾ വിലയിരുത്തി. 2020 ജനുവരിയിൽ കുമ്പനാട് കൺവൻഷനോടനുബന്ധിച്ച് നടക്കുന്ന മീഡിയ ഗ്ലോബൽ മീറ്റിൽ പുരസ്കാരവും പ്രശസ്തി പത്രവും നൽകും.

മൂന്നുപതിറ്റാലധികം രചനയിലും വേദാധ്യാപന രംഗത്തും സജീവമായ ഡോ.എം.സ്റ്റീഫൻ 30 ൽ പരം ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. വേദചിന്തകൻ,ഗ്രന്ഥകാരൻ, മികച്ച ലേഖനകർത്താവ് എന്നീ നിലകളിൽ അറിയപ്പെടുന്ന അദ്ദേഹം പെന്തക്കോസ്ത് ആനുകാലികങ്ങളിലും ഒട്ടേറെ ലേഖനങ്ങളും പഠനങ്ങളും രചിച്ചിട്ടുണ്ട്.തീവ്രാനുഭവങ്ങളുടെ ജൈവലോകത്തെ അടയാളപ്പെടുത്തുന്ന ഭാഷയും ക്രിസ്തീയ ധാർമികതയിൽ അധിഷ്ഠിതമായ നിലപാടുകളും ഡോ.സ്റ്റീഫന്റെ സവിശേഷതയാണ്. Introducing Christian Ethics,New trnds in Christian Theology, Post Modernism and Post Colonialism, Christian Theology in Christian Contest, ഭാരതീയ ക്രൈസ്തവ ദർശനം, ക്രിസ്തു ദർശനവും ഉൾകാഴ്ചയും തുടങ്ങിയ ഗ്രന്ഥങ്ങൾ ഏറെ ശ്രദ്ധേയമാണ്.

# അമ്പലപ്പുഴയിൽ ക്യാമ്പസ് ക്രൂസേഡ് പ്രോഗ്രാമിൽ സുവിശേഷ വിരോധികളുടെ ആക്രമണം

അമ്പലപ്പുഴ: ക്യാമ്പസ് ക്രൂസേഡിന്റെയും, കേരളത്തിലെ ഒരു കൂട്ടം ഗായകരുടേയും നേതൃത്വത്തിൽ നടത്തപ്പെട്ട ഫിലിം പ്രദർശനവും സംഗീത പരിപാടിയും നടത്തുന്നതിനിടയിൽ സുവിശേഷ വിരോധികൾ കടന്നു വന്ന് സംഘർഷാവസ്ഥ സൃഷ്ടിച്ചു. അമ്പലപ്പുഴ കഞ്ഞിപ്പാടം കോളനിയിൽ ജെമൽസൺ,നിഥിൻ, വിൽജി എന്നിവർ നേതൃത്വം കൊടുത്ത ക്രിസ്തീയ സംഗീതത്തിനിടയ്ക്കാണ് സംഭവം നടന്നത്. പോലീസ് സ്ഥലത്തെത്തി മീറ്റിംഗിനു സംരക്ഷണം കൊടുത്തു. കോളനി നിവാസികൾ എല്ലാവരും സുവിശേഷം കേൾക്കുകയും വേ സപ്പോർട്ട് നൽകുകയും ചെയ്തു. എല്ലാ വർഷവും നടത്തിവരുന്ന ഗ്രാമ സുവിശേഷീകരണവും, ക്രിസ്ത്യൻ ഫിലിം പ്രദർശനവും ആണിത്.

# ക്രിസ്മസ് ദിനത്തിൽ തെലുങ്കാനയിലെ 200 സഭകൾക്ക് ഒരു ലക്ഷം രൂപയുടെ പാക്കേജ്: തെലുങ്കാന സർക്കാർ

ക്രിസ്മസ് ആഘോഷത്തിനായി തെലങ്കാന സർക്കാർ നഗരത്തിലെ 200 പള്ളികൾക്ക് ഒരു ലക്ഷം രൂപ വീതം നൽകാൻ അനുമതി നൽകി. കൂടാതെ ഓരോ സഭയ്ക്കും വസ്ത്രങ്ങൾ അടങ്ങിയ 500 ഗിഫ്റ്റ് പായ്ക്കുകളും ലഭിക്കും.

പ്രാദേശിക നിയമസഭാംഗങ്ങളുടേയും കേർപ്പറേഷൻ അംഗങ്ങളുടേയും സഹായത്തോടെ തിരഞ്ഞെടുക്കപ്പെടുന്ന സഭകൾക്ക് ധനസഹായം ലഭ്യമാക്കുമെന്നും കൂടാതെ സർക്കാരും ജി എച്ച് എം സി ഉദ്യോഗസ്ഥരും തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളും ചേർന്ന് ഡിസംബർ 5 മുതൽ ഡിസംബർ 10 വരെ ഗിഫ്റ്റ് പായ്ക്കുകളും വിതരണം ചെയ്യും. ഡിസംബർ 19 ന് സർക്കാറിന്റെ നേതൃത്വത്തിൽ ക്രിസ്മസ് ഫെസ്റ്റ് സംഘടിപ്പിക്കും. തിരഞ്ഞെടുക്കപ്പെടുന്ന സഭകൾ അവരുടെ ബാങ്ക് അക്കൗണ്ടിന്റെയും ഐഎഫ് എസി കോഡിന്റെയും വിശദാംശങ്ങൾ സർക്കാറിന് സമർപ്പിച്ചു കഴിയുമ്പോൾ അതുവഴി ധനസഹായം നൽകുമെന്ന് ഹൈദരാബാദ് മേയർ ബോന്തു റാംമോഹൻ പറഞ്ഞു.

# ഐ സി പി എഫ് ക്യാമ്പ്

മുട്ടമൺ: ഐസിപിഎഫ് പാലക്കാട് ജില്ല ക്യാമ്പ് ഡിസംബർ 25-27 വരെ അകത്തേത്തറ ശാലേം ബൈബിൾ സെമിനാരിയിലും കോട്ടയം ജില്ലാ ക്യാമ്പ് ഡിസംബർ 25-28 വരെ മാങ്ങാനം ക്രൈസ്തവാശ്രമത്തിലും ചാലക്കുടി ഏരിയാ ക്യാമ്പ് ഡിസംബർ 26-28 വരെ ശാന്തിനികേതൻ സെന്ററിലും നെയ്യാറ്റിൻകര ഏരിയാ ക്യാമ്പ് ഡിസംബർ 26-28 വരെ പശുവക്കൽ എൽഎസി സെന്ററിലും കോഴിക്കോട് ഏരിയാ ക്യാമ്പ് ഡിസംബർ 26-28 വരെ നവജ്യോതിസ് റിട്രീറ്റ് സെന്ററിലും നടക്കും.

# ശാരോൻ ഫെലോഷിപ്പ് മണക്കാല കൺവൻഷൻ ജനുവരി 7 മുതൽ 12 വരെ

ശാരോൻ ഫെലോഷിപ്പ് ചർച്ചിന്റെ നേതൃത്വത്തിൽ 52 മത് മണക്കാല കൺവൻഷൻ 2020 ജനുവരി 7 മുതൽ 12 വരെ മണക്കാല ഫെയ്ത്ത് തിയോളജിക്കൽ സെമിനാരി ഓഡിറ്റോറിയത്തിൽ എല്ലാ ദിവസവും വൈകിട്ട് 6 മണി മുതൽ 9 മണി വരെ യോഗങ്ങൾ നടത്തപ്പെടുന്നു. സീനിയർ ജനറൽ മിനിസ്റ്റർ റവ. ഡോ.റ്റി ജി കോശി ഉദ്ഘാടനം ചെയ്യും. പാസ്റ്റർ പി സി ചെറിയാൻ, റവ.ഡോ.ബി.വർഗീസ്, പാസ്റ്റർ വർഗീസ് ജോഷ്വാ, പാസ്റ്റർ പ്രിൻസ് റാന്നി, പാസ്റ്റർ കെ ജെ തോമസ് എന്നിവർ ദൈവവചനം സംസാരിക്കും.

എഴുന്നേറ്റ് പ്രകാശിക്ക എന്നതാണ് ചിന്താവിഷയം. ജനുവരി 10 വെള്ളിയാഴ്ച രാവിലെ 9 മണി മുതൽ 1 മണി വരെ ഫെയ്ത്ത് തിയോളജിക്കൽ സെമിനാരി ബിരുദദാന സമ്മേളനം നടക്കും. എഫ് റ്റി എസ് & ശാരോൻ ക്വയർ സംഗീത ശുശ്രൂഷയ്ക്ക് നേതൃത്വം കൊടുക്കും. ഞായറാഴ്ച നടക്കുന്ന സംയുക്ത സഭായോഗത്തോടെ കൺവൻഷൻ സമാപിക്കും.




theendtimenews.com

Available on the iPhone App Store
ANDROID APP ON Google play

THE END TIME NEWS
VOICE OF HARVESTING SOULS MISSION





മാത്യു ചെറിയാൻ



# അധികഭാരത്താൽ അസഹ്യപ്പെടുത്തരുത്.

ഒന്നാം നൂറ്റാണ്ടിൽ അപ്പോസ്തലന്മാരുടെ ജീവിത കാലത്ത് സുവിശേഷം ഏഷ്യ, യൂറോപ്പ്, ആഫ്രിക്ക എന്നീ ഭൂഖണ്ഡങ്ങളിലെ ഒട്ടുമിക്ക പ്രദേശങ്ങളിലും എത്തിച്ചേർന്നു. അപ്പോസ്തലന്മാർ നേരിട്ടോ, അവരുടെ ശിഷ്യന്മാർ മുഖാന്തിരമോ ചെയ്ത പ്രവർത്തന ഫലമായാണ് ഇത് സാധിച്ചത്. അന്നുണ്ടായതുപോലെ ഒരു അതിവേഗ സുവിശേഷ വ്യാപനം പിന്നെയുണ്ടായിട്ടില്ല. യേശു നിർദ്ദേശിച്ചതുപോലെ യെരുശലേമിൽ തുടങ്ങി ഭൂലോകത്തിന്റെ അറ്റത്തോളവും സുവിശേഷം പ്രസംഗിച്ച് ശിഷ്യന്മന്മാരെ ഉളവാക്കുന്നതിൽ അപ്പോസ്തലന്മാർ ജാഗരൂകരായിരുന്നു. ശിഷ്യന്മാരുടെ കൂട്ടം അതാത് സ്ഥലങ്ങളിൽ പ്രത്യേകാൽ പട്ടണങ്ങളിൽ കൂടി വന്ന് സഭകൾ രൂപീകൃതമായി. പൊതു ആരാധന സ്ഥലങ്ങൾ ഇല്ലാതിരുന്ന അക്കാലത്ത് അനേകർ തങ്ങളുടെ വീടുകൾ ക്രിസ്തീയ കൂടിവരവുകൾക്കായി തുറന്നുകൊടുത്തു. പ്രതികൂലങ്ങളും ഉപദ്രവങ്ങളും ധാരാളം ഉണ്ടായിരുന്നിട്ടും ദൈവജനം വിശ്വാസത്തിൽ ഉറച്ചുനിന്നു.

വിശ്വാസികൾ വിവിധ ജാതിമതസ്ഥരിൽ നിന്നും വ്യത്യസ്ത ജീവിത നിലവാരങ്ങളിൽ നിന്നും ഉള്ളവരായിരുന്നു. ക്രിസ്തുവിലുള്ള വിശ്വാസത്തിൽ മാത്രമെ അവർക്കു ഐക്യതയുണ്ടായിരുന്നുള്ളൂ. ഭക്ഷണ കാര്യങ്ങളിലോ ജീവിതശൈലികളിലോ, ഭാഷകളിലോ, വസ്ത്രധാരണത്തിലോ, സംസ്കാരത്തിലോഒരു ഏകത്വം പുലർത്തിയിരുന്നില്ല. പുലർത്താൻ സാദ്ധ്യമായിരുന്നില്ല, പുലർത്താൻ ഉപദേളിച്ചിരുന്നുമില്ല. സുവിശേഷം ആദ്യം നൽകപ്പെട്ടത് യെഹൂദന്മാർക്കായിരുന്നു. ആദ്യസഭ യെരുശലേമിലേതുമായിരുന്നു. അപ്പോസ്തലന്മാർ എല്ലാം യെഹൂദരായിരുന്നു. ഇക്കാരണങ്ങളാൽ യെഹൂദ പള്ളികളിലെ ആരാധനാ ശൈലികളും ഭരണസംവിധാനങ്ങളും ക്രിസ്തീയ സഭ മാതൃകയാക്കിയിരുന്നു. ഇവയെല്ലാം സാർവ്വലൗകികമായി അംഗീകരിക്കപ്പെട്ടുമിരുന്നു. ഇതിലുപരി ജാതികളിൽ നിന്ന് വിശ്വസിച്ചവർ ക്രിസ്തുവിൽ വിശ്വസിക്കുന്നതോടൊപ്പം മോശയുടെ ന്യായപ്രമാണപ്രകാരമുള്ള എല്ലാ യെഹൂദ ആചാര മര്യാദകളും പാലിക്കണമെന്നു കടുംപിടുത്തം സഭയിലെ ബഹുഭൂരിപക്ഷത്തിനോ അപ്പോസ്തലന്മാർക്കോ ഇല്ലായിരുന്നു.

യഹൂദ നിയമങ്ങളിൽ അതിപ്രധാനമായ പരിച്ഛേദന ഏൽക്കാതെ തന്നെ മാനസാന്തരപ്പെടുന്ന ജാതികളെ ദൈവം കൈക്കൊള്ളുന്നു എന്ന വസ്തുത പത്രോസിന് ദൈവം വെളിപ്പെടുത്തിയിട്ടും(അപ്പോ പ്രവൃത്തി10:1, 11:19) മറ്റ് അപ്പോസ്തലന്മാർക്കും മൂപ്പന്മാർക്കും അത് ബോദ്ധ്യമായിട്ടും (അപ്പോ പ്രവൃത്തി11:1 -2, 18) പരീശ പക്ഷത്തിൽ നിന്നും വിശ്വസിച്ചു വന്ന യെഹൂദവാദികൾ മോശെ കൽപ്പിച്ച ആചാരം അനുസരിച്ചു പരിച്ഛേദന ഏൽക്കാഞ്ഞാൽ രക്ഷ പ്രാപിപ്പാൻ കഴികയില്ല എന്നു ഉപദേശിച്ചു. (അപ്പോ പ്രവൃത്തി11:1,2 15:4,5)

തുടർച്ച 11 പേജിൽ

10-ാം പേജ് തുടർച്ച

ചിതറിപ്പോയ വിശ്വാസികൾ കർത്താവായ യേശുവിനെക്കുറിച്ചുള്ള സുവിശേഷം അറിയിച്ചതു നിമിത്തം സ്ഥാപിതമായതും പിൽക്കാലത്ത് പൗലോസിനെയും ബർന്നബാസിനെയും മിഷണറി പ്രവർത്തനത്തിന് അയച്ചതും വിജാതീയ സഭകളുടെ മാതാവ് എന്നറിയപ്പെടുന്നതുമായ അന്ത്യോക്യയിലെ സഭയിലാണ് പരിച്ഛേദന പ്രശ്നം രൂക്ഷമായത് ( അപ്പോ പ്രവൃത്തി11:19-30, 13:1-3, 15:1-5) ഇത് ഉണ്ടാക്കിയേക്കാവുന്ന പ്രത്യാഘാതത്തിന്റെ തീവ്രത മനസ്സിലാക്കിയ പൗലോസും ബർന്നബാസും സഭയിലെ ചിലരും യെരുശലേമിൽ പോയി. അവിടെയുള്ള അപ്പോസ്തലന്മാരും മൂപ്പന്മാരുമായി പ്രശ്നം ചർച്ച ചെയ്തതിന്റെ വിവരണം അപ്പോ പ്രവൃത്തി15 ന്റെ ഒന്നു മുതൽ 19 വരെ വാക്യങ്ങളിൽ കൊടുത്തിട്ടുള്ളത് മനസ്സിലാക്കിയാൽ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതെങ്ങനെയെന്ന്കാണുവാൻ കഴിയും.

പ്രശ്നത്തെ പ്രശ്നമായിത്തന്നെ കാണണം അവഗണിക്കരുത്. എല്ലാവരുടെയും വാദങ്ങൾ ക്ഷമയോടെ കേൾക്കണം. ചിലപ്പോൾ അജ്ഞതകൊണ്ടാവും ചിലർ ചില അബദ്ധധാരണകൾ വച്ചു പുലർത്തുന്നത്. കാര്യകാരണസഹിതം അതിന്റെ ദോഷവശങ്ങൾ ചൂണ്ടിക്കാട്ടിയാൽ പലരും പിന്തിരിയും. പ്രശ്നങ്ങൾ ഗുരുതരമെങ്കിൽ അവ കൈകാര്യം ചെയ്യാൻ പ്രാപ്തിയും അംഗീകാരവും, അധികാരവും, ദൈവകൃപയുമുള്ളവരുടെ അടുക്കൽ കൊണ്ടുവരിക. ജാതികൾ അത്യാവശ്യം അനുഷ്ഠിക്കേണ്ട നിയമങ്ങൾ ഏവയെന്ന് യെരുശലേം കൗണ്ടിസിലിന്റെ സമാപനത്തിൽ അദ്ധ്യക്ഷനായിരുന്ന യാക്കോബ് പറയുന്നതു നോക്കുക. ആകയാൽ ജാതികളിൽ നിന്ന് ദൈവത്തിങ്കലേക്ക് തിരിയുന്നവരെ നാം അസഹ്യപ്പെടുത്താതെ അവർ വിഗ്രഹമാലിന്യങ്ങൾ, പരംസംഗം, ശ്വാസം മുട്ടിച്ചത്തത് രക്തം എന്നിവ വർജ്ജിച്ചിരിപ്പാൻ നാം അവർക്ക് എഴുതണം എന്ന് ഞാൻ അഭിപ്രായപ്പെടുന്നു. (അപ്പോ പ്രവൃത്തി15:19,20)........എന്നല്ലാതെ അധികമായ ഭാരം ഒന്നും നിങ്ങളുടെ മേൽ ചുമത്തരുത് എന്ന് പരിശുദ്ധാത്മാവിനും ഞങ്ങൾക്കും തോന്നിയിരിക്കുന്നു (അപ്പോ പ്രവൃത്തി15:28) അന്ന് പരിച്ഛേദനാവാദികൾക്കനുകൂലമായ ഒരു തീരുമാനമാണ് ഉണ്ടായിരുന്നതെങ്കിൽ ക്രിസ്തീയ സഭ യെഹൂദാമതത്തിന്റെ ഒരു ചെറിയ വിഭാഗമായി മാത്രം നിലനിൽക്കുമായിരുന്നു. എന്നാൽ ക്രിസ്തീയ വിശ്വാസം സർവ്വ മനുഷ്യർക്കും ഒരുപോലെ സ്വീകാര്യമാക്കുന്നതിൽ യെരുശലേം കൗൺസിലിന്റെ തീരുമാനം വഴിതെളിച്ചു. സ്വാർത്ഥ താത്പര്യങ്ങളോ സ്ഥാനമോഹങ്ങളോ തീരുമാനത്തെ സ്വാധീനിക്കരുത് മറിച്ച് സഭയിലെ സമാധാനവും സുവിശേഷത്തിന്റെ അഭിവൃദ്ധിയും ദൈവസഭമഹത്വവുമായിരിക്കണം ലക്ഷ്യമിടേണ്ടത്.

ഇന്ന് ചിലർ അപ്പോസ്തലന്മാരെക്കാളും പരിശുദ്ധാത്മാവിനെക്കാളും ഉന്നതരാണ് തങ്ങൾ എന്ന് തിന്തിക്കുന്നുണ്ട്. അവർ പുതിയ നിയമത്തിൽ അടിസ്ഥാനമില്ലാത്ത ചില ഉപദേശങ്ങൾ സഭയുടെ മേൽ അടിച്ചേൽപ്പിക്കാൻ ശ്രമിക്കുന്നു. അതിന്റെ ഫലമായി സഭയിലേക്ക് ജനങ്ങളെ ആകർഷിക്കുന്നതിനു പകരം അവരെ അകറ്റുകയാണ് ചെയ്യുന്നത്. അടിസ്ഥാന വേദോപദേശങ്ങളിലും ആത്മീയ വിഷയങ്ങളിലും മാത്രമെ വിശ്വാസികളുടെ ഇടയിൽ ഐക്യത പുലർത്താൻ പറ്റൂ. മറ്റു ഭൗതിക വിഷയങ്ങൾ, ജീവിത ശൈലി, വസ്ത്രധാരണം, സംസ്കാരം എന്നിവയിൽ സ്ഥലകാല ഭേദമനുസരിച്ചുള്ള വ്യത്യസ്ഥത നിലനിൽക്കുക തന്നെ ചെയ്യും. അതിനെ എതിർക്കുന്നതിനു പകരം ഉൾക്കൊള്ളുകയാണ് കരണീയം.

ക്രിസ്തീയ വിശ്വാസത്തിന് ദോഷകരമല്ലാത്തതും എന്നാൽ ചിലർക്ക് അതൃപ്തിയുള്ളതുമായ കാര്യങ്ങൾ ഒഴിവാക്കുകയോ, അടിച്ചേൽപ്പിക്കുകയോ ചെയ്യാതെ, അവരവരുടെ സ്വാതന്ത്ര്യത്തിന് വിടുക. പരിച്ഛേദന അതിൽ തന്നെ ദോഷമല്ല. അത് ഏൽക്കാൻ താത്പര്യമുള്ളവർ ഏൽക്കട്ടെ. പക്ഷെ അത് എല്ലാവരും ഏൽക്കണമെന്ന് നിർബന്ധിക്കരുത്. വിജാതീയരിൽ നിന്നുള്ള വിശ്വാസികൾ പരിച്ഛേദന ഏൽക്കേണ്ടതില്ലെന്ന് ശക്തിയുക്തം വാദിച്ച പൗലോസ് തിമോഥെയോസിനെ പരിച്ഛേദന കഴിപ്പിച്ച് (അപ്പോ പ്രവൃത്തി16:3) ഇത് സുവിശേഷത്തിന്റെ വ്യാപനത്തിന് പ്രയോജനപ്പെടും എന്നതിനാലാണ് ചെയ്തത്. ദോഷമല്ലാത്ത ഒരു കാര്യം ചെയ്താൽ ഏറെ ഗുണമുണ്ടാകുമെങ്കിൽ എന്തുകൊണ്ട് ചെയ്ത് കൂടാ? എന്നാൽ ദോഷമില്ലാത്ത കാര്യമാണെങ്കിലും അത് ചെയ്താൽ ഗുണത്തെക്കാളേറെ ദോഷമാണ് ഫലമെങ്കിൽ ചെയ്യാതിരിക്കുന്നതാണ് നല്ലത്.

ഒരു ചെറിയ പ്രദേശത്ത് മാത്രം ജീവിക്കുകയും അതാണ് മുഴുവൻ ഭൂലോകവും എന്ന് കരുതുകയും ചെയ്യുന്നവർക്ക് അവരുടെ അറിവിനും പരിചയത്തിനും വ്യത്യസ്തമായി എന്തെങ്കിലും കണ്ടാൽ ഉൽക്കൊള്ളാൻ ബുദ്ധിമുട്ടാണ്. ചെരിപ്പ് ഇടുന്നതുപോലും അനാത്മീയവുമായി കരുതിയവർ ഉണ്ട്. കേരളത്തിൽ ഒരു പക്ഷേ ചെരിപ്പിടാതെ കഴിയാമായിരിക്കും. എന്നാൽ ശൈത്യമേഖലയിൽ അത് സാദ്ധ്യമല്ലല്ലോ. അത് മനസ്സിലാക്കിയാൽ പ്രശ്നം തീരും. ഇതേ മനോഭാവം പാന്റ്സിടുന്നതിനോടും ചുരിദാർ ധരിക്കുന്നതിനോടും മരുന്ന് എടുക്കുന്നതിനോടും റേഡിയോ, ടെലിവിഷൻ മൊബൈൽ ഫോൺ തുടങ്ങിയവ ഉപയോഗിക്കുന്നതിനോടും വച്ചു പുലർത്തിയ പലരും പിൽക്കാലത്ത് ഇവയുടെയെല്ലാം ഉപയോക്താക്കളായി മാറിയത് ഒരു നഗ്നസത്യം മാത്രം. വേണ്ടാത്തവർ വർജ്ജിക്കുക. വേണ്ടവർ ഉപയോഗിക്കുക. ഏതൊരു വസ്തുവും ഉപയോഗിക്കാം അതുപോലെ തന്നെ അവയെ ദുരുപയോഗവും ചെയ്യാം. അതിനാൽ ഇവയെ കൂടാതെ ജീവിതം ബുദ്ധിമുട്ടാകയാൽ ആത്മീയജീവിത്തതിന് കോട്ടവും അന്യന് ഇടർച്ചയും ഉണ്ടാകാത്ത വിധത്തിൽ എല്ലാ വസ്തുവും കൈകാര്യം ചെയ്യാനുള്ള പരിജ്ഞാനം ആണ് വേണ്ടത്. ഇവയൊക്കെ ഉപയോഗിക്കുന്നവർ അനാത്മീയരും ഉപയോഗിക്കാത്തവർ ആത്മീയരുമാണെന്ന ധാരണ ഉപേക്ഷിക്കണം. ഇവയെ എല്ലാ വലിയ ഉപദേശ വിഷയം പോലെ അവതരിപ്പിച്ചു. വിശ്വാസിയെ അസഹ്യപ്പെടുത്താതെ എല്ലാറ്റിന്റെയും നല്ലതും പ്രയോജനമുള്ളതുമായ വശം ഉൾക്കൊണ്ട് കൊണ്ട് വിജയകരമായ ക്രിസ്തീയ ജീവിതം നയിപ്പാൻ എല്ലാവരും പ്രത്യേകാൽ നേതാക്കളും ശ്രമിക്കണം.

തിന്നുന്നവൻ തിന്നാത്തവനെ ധിക്കരിക്കരുത്; തിന്നാത്തവൻ തിന്നുന്നവനെ വിധിക്കരുത്(റോമർ14:2) ഭക്ഷണം നിമിത്തം ദൈവ നിർമ്മാണത്തെ അഴിക്കരുത്. എല്ലാം ശുദ്ധം തന്നെ; എങ്കിലും ഇടർച്ച വരുത്തുമാറ് തിന്നുന്ന മനുഷ്യന് അത് ദോഷമത്രെ(റോമർ14:20) നോക്കുക....കൊലോസ്യർ2:20-23, തിമോ4:1-6, റോമർ2:25-29) .......ക്രിസ്തു ദൈവത്തിന്റെ മഹത്വത്തിനായി നിങ്ങളെ കൈകൊണ്ടതുപോലെ നിങ്ങളും അന്യോന്യം കൈക്കൊൾവിൻ(റോമർ15:7).

**Property for IMMEDIATE sale at Kozhuvalloor, Chengannur!**

House plot (30 cents) for sale in Kozhuvalloor, 10 minutes' drive (7 kilometers) from Chengannurtown. Original land with well water, that never runs dry even in summer. Frontage (30 ft.) Panchayath Road. No flood area. Suitable for residential and business needs. Very close to all amenities including schools, colleges, professional colleges, banks, temples, churches, government offices etc. Property of Pastor's family. Anyone interested, please contact Mr. A J John at +91 9745862898 or 04722898033.

Email – maanueljoseph@gmail.com.

Available on the iPhone App Store
ANDROID APP ON Google play

THE END TIME NEWS
VOICE OF HARVESTING SOULS MISSION



# ചർച്ച് ആക്ടിനായുള്ള ഹർജി സുപ്രീം കോടതി തള്ളി



ന്യൂഡൽഹി: ദേശീയ തലത്തിൽ ചർച്ച് ആക്ട് കൊുവരുവാൻ കേന്ദ്ര സർക്കാറിനോട് നിർദ്ദേശിക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഹർജി സുപ്രീംകോടതി തള്ളി. ജസ്റ്റീസുമാരായ റോഹിങ്ടൻ നരിമാൻ, എസ് രവീന്ദ്ര ഭട്ട് എന്നിവർ അടങ്ങിയ ബെഞ്ചാണ് ഹർജി തള്ളിയത്. വിവിധ സംസ്ഥാനങ്ങളിൽ ചർച്ച് ആക്ട് നിലവിലുന്നെും ദേശീയ തലത്തിൽ ചർച്ച് ആക്ട് ആവശ്യമില്ലെന്നും,നിയമം നിർമ്മിക്കാൻ സർക്കാറിനോട് നിർദ്ദേശിക്കാനാവില്ലെന്നും കോടതി വ്യക്തമാക്കി.

ഗൂഢല്ലൂർ എം ജെ ചെറിയാനും മറ്റ് 3 പേരും നൽകിയ റിട്ട് ഹർജിയാണ് തള്ളിയത്. 2009 ൽ ജസ്റ്റീസ് വി ആർ കൃഷ്ണയ്യരാണ് ചർച്ച് ആക്ടിന് രൂപം നൽകിയത്. ഇടവക അംഗങ്ങൾ യോഗം ചേർന്ന് തിരഞ്ഞെടുക്കുന്നവർ സഭയുടെ ത്രിതല ട്രസ്റ്റുകളെ ഭരിക്കുന്ന സംവിധാനമാണ് ചർച്ച് ആക്ടിലൂടെ ലക്ഷ്യം ഇട്ടിരുന്നത്. എന്നാൽ ഇത് നടപ്പിലാക്കുന്നതിനെതിരേ കെ സി ബി സി ശക്തമായി എതിർത്തിരുന്നു. പല സംസ്ഥാനങ്ങളിലും ചർച്ച് ആക്ട് നിവലുങ്കെിലും കേരളത്തിൽ ഇല്ലെന്ന് ഹർജിക്കാർ ചൂിക്കാട്ടി. കേരളതത്ിൽ ചർച്ച് ആക്ട് പാസാക്കണമെന്ന് ആവശ്യപ്പെട്ടപ്പോൾ അത് കേന്ദ്രത്തിന്റെ ഉത്തരവാദിത്വമാണെന്ന് പറഞ്ഞ് സർക്കാർ ഒഴിഞ്ഞു. ഈ സാഹചര്യത്തിലാണ് റിട്ട് ഹർജി ഫയൽ ചെയ്തതെന്ന് ഹർജിക്കാർ വ്യക്തമാക്കി.

# BLANKET DRIVE-2019 ന് *അനുഗ്രഹീത തുടക്കം.*

നോർത്ത് ഇന്ത്യയിലെ ജീവകാരുണ്യ പ്രവർത്തനങ്ങൾ മുൻനിർത്തി ആരംഭിച്ച 'ഡ്രോപ്സ് ഓഫ് മേഴ്സി' കൂട്ടായ്മയുടെ രാം ഘട്ട പ്രവർത്തനമായ BLANKET DRIVE-2019 ന് തുടക്കമായി. കഴിഞ്ഞ ദിവസം ഹരിയാനയിലെ ഫരീദാബാദിൽ നടന്ന പ്രത്യേക ചടങ്ങിൽ പ്രമുഖ വേദ അദ്ധ്യാപകനും ഐപിസി നോർത്തേൺ റീജിയൻ വൈസ് പ്രസിഡന്റുമായ ഡോ.ലാജി പോൾ ഉദ്ഘാടനം ചെയ്തു. ഈ വർഷം ജൂണിൽ അദ്ധ്യായന വർഷത്തിലേയ്ക്ക് പ്രവേശിച്ച ഡൽഹിയിലും പരിസരപ്രദേശങ്ങളിലും ഹരിയാനയിലും നേപ്പാളിലും ഏറ്റവും പിന്നോക്കമായ ചേരിപ്രദേശങ്ങളിൽ താമസിക്കുന്ന 100 സ്കൂൾ വിദ്യാർത്ഥികൾക്ക് ആവശ്യമായ സ്കൂൾ കിറ്റ് വിതരണത്തോടെയാണ് 'ഡ്രോപ്സ് ഓഫ് മേഴ്സി' എന്ന കൂട്ടായ്മ രാജ്യതലസ്ഥാനത്ത് തുടക്കം കുറിച്ചത്. ക്രൈസ്തവ മാധ്യമ സാമൂഹിക പ്രവർത്തകരായ നോബിൾ സാം, അനീഷ് വലിയപറമ്പിൽ എന്നിവരാണ് ഈ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത്.




printed,published and owned by harvestingsoulsmission,chief editor Baiju Yacob

Share on

the END TIME NEWS

VOICE OF HARVESTING SOULS MISSION

USA
PO.box 125
Wheat land,6920.5.m manin st
Wheat land Oklahoma
box zip code-73097
PH-(405) 745-786(H)
Mob-001(405)778-4341(Wats App)

**Reg no : TVM/TC/1717/2014**
**Established :USA**
**Published from : India, Kerala, TVM**






**We are Architectural Aluminum systems and Glazers Company run by Experienced and Qualified Engineers, Technicians and installers. We make high performing entrances, storefronts,windows, structural glazing, Curtain walls, etc.Committed in creating next-generation technologies; we strive to ensure safety and comfort of buildings. Every project comes with warranty and quick turnaround. We give infinite possibilities and innovative design solutions to your ideas or dreams. Explore our dynamic array of innovative solutions for renovation and new construction. Together we build your dreams with our experience and dedication.**

## OUR OTHER ALUMINIUM PRODUCTS

- **Manual ICU sliding Doors.**
- **Manual Pivot or Hinged Doors.**
- **Automatic folding Doors.**
- **Five door systems.**
- **Manual Swing and slide Doors.**
- **Aluminium, FRP and Fiberglass Enty Doors.**
- **Store front systems.**
- **Shower doors.**
- **Patio sliding doors.**
- **Frameless glass enterace Doors.**
- **Window Wall.**

405 778 4341
405 590 6116
usglasstech@gmail.com
www.usglasstech.com

Innovative Products
520 Beacon Pl,
Oklahoma City,OK 73127
(Off) 405 440-0010
(Fax) 405 440 0015